# INTERNATIONAL INDIAN SCHOOL DAMMAM

# ANNUAL EXAMINATION 2017 – 18

# CLASS IX – MALAYALAM

**TIME : 3 HRS** | **MAX MARKS : 80**

എ വിഭാഗം – Section - A (10 marks)

I. **താഴെകൊടുത്തിരിക്കുന്ന ഗദ്യഭാഗം വായിച്ച് ചുവടെയുള്ള ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക.**

ഒരു ജനതയുടെ സാംസ്കാരിക പൈതൃകത്തിലെ അത്യന്തസുന്ദരവും അമൂല്യവും ആയ ഘടകമാണ് നാടൻപാട്ടുകൾ. ഈ ഗാനശാഖ മനുഷ്യന്റെ സൗന്ദര്യബോധത്തിന്റെയും ആചാരാനുഷ്ഠാനങ്ങൾ, ജീവിത സങ്കല്പങ്ങൾ, കലാകൗതുകം, സാമൂഹികബോധം, കായികാധ്വാനം എന്നിവയുടെയും വികാരപരമായ ആവിഷ്കാരമാണ്. പ്രകൃതി പ്രതിഭാസങ്ങൾ നിരീക്ഷണ പടുക്കളായ മനുഷ്യരിൽ ഉണർത്തിവിട്ട അനുഭൂതി വിശേഷങ്ങൾ ഇവയുടെ അന്തഃചൈതന്യമായി വർത്തിക്കുന്നു. പരിഷ്കാരത്തിൽ നിന്ന് വളരെ അകന്നുനിൽക്കുന്ന ഗ്രാമീണ ജനതയുടെ ക്ലേശഭൂയിഷ്ഠമായ ദൈനംദിന ജീവിതത്തിന് ഉണർവ്വും ചൊടിയും ചേർക്കാൻ വേണ്ടി അവരിൽ വാസനയുള്ള ചിലർ ഒന്നിച്ച് ചേർന്ന് പാടിയും വായ്ത്താരിയിട്ടും ഗാനരൂപം പ്രാപിച്ചവയാണ് നാടൻപാട്ടുകൾ. ജനങ്ങൾക്കുവേണ്ടി ജനങ്ങളാൽ ഉണ്ടാക്കപ്പെട്ട ജനങ്ങളുടെ പാട്ടുകൾ എന്ന് എസ്. ഗുപ്തൻനായർ നാടൻപാട്ടുകളെപ്പറ്റി പറഞ്ഞത് തികച്ചും അർത്ഥവത്താണ്. ജനകീയ കവിതകളുടെ അസ്ഥിവാരം തേടിപ്പോകുന്ന ഗവേഷകർ ചെന്നെത്തുന്നത് നാടൻപാട്ടുകളുടെ കലവറയിലാണ്. കാരണം,അടിസ്ഥാന ജനവിഭാഗത്തിന്റെ കലയാണിത്. ഒരു ജനവിഭാഗത്തിന്റെ സ്വഭാവ സവിശേഷതകളും ജീവിതനിലവാരവും കാവ്യസങ്കല്പങ്ങളും നാടൻ പാട്ടുകളിൽ പ്രതിഫലിക്കുന്നു.

**ചോദ്യങ്ങൾ**

1. നാടൻപാട്ടുകളിൽ അന്തഃചൈതന്യമായി വർത്തിക്കുന്നത് എന്ത്? (2)
2. നാടൻപാട്ടുകൾ ജന്മമെടുത്തത് എങ്ങനെയാണ്? (2)
3. എസ്.ഗുപ്തൻനായർ നാടൻപാട്ടുകളെ നിർവചിച്ചത് എങ്ങനെയാണ്? (2)
4. ജനകീയ കവിതകളുടെ അസ്ഥിവാരം തേടിപ്പോകുന്ന ഗവേഷകൻ നാടൻപാട്ടുകളെ ആശ്രയിക്കാൻ കാരണമെന്ത് ? (2)
5. ഈ ഖണ്ഡികയ്ക്ക് ഉചിതമായ ശീർഷകം നൽകുക. (2)

## (SECTION – B)

1.സംസ്ഥാന സ്കൂൾ യുവജനോത്സവത്തിൽ വന്ന പാകപ്പിഴകൾ ചൂണ്ടിക്കാണിച്ചു കൊണ്ട് വിദ്യാഭ്യാസമന്ത്രിക്ക് ഒരു കത്തു തയ്യാറാക്കുക. (8)

2. ഏതെങ്കിലും ഒരു വിഷയത്തെ കുറിച്ച് ഒരു ഖണ്ഡിക എഴുതുക. (8)

1)ഗ്രന്ഥപാരായണം

2) വനവത്ക്കരണം

3)വിദ്യാഭ്യാസത്തിൽ വാർത്താമാധ്യമങ്ങൾക്കുള്ള പങ്ക്

## (SECTION – C)

1. പ്രയോഗം മാറ്റുക. 2 x 1 = 2

1)അയാൾ സംഭ്രമത്തോടെ വിളിച്ചു പറഞ്ഞു.

2) ആ വെയിറ്റർക്ക്എന്നാൽ നൂറു രൂപ സമ്മാനമായി കൊടുക്കപ്പെട്ടു.

2. മഹാവാക്യമാക്കുക. 2 x 1 = 2

1) കുട്ടൻ മുറ്റത്ത് പനിനീർച്ചെടി നട്ടു.അതു വളർന്നു വലുതായി

2) അമ്മക്കു വയസ്സായി ഒന്നും ഓർമ്മിക്കാൻ പറ്റുന്നില്ല.

3. തെറ്റു തിരുത്തുക. 2 x 1 = 2

1) ഈ ബാക്കിയുള്ള ശിഷ്ടദിനങ്ങളിൽ ചന്തം നിറക്കുക സഖീ

2) അവളുടെ കണ്ണുകൾ ഈറനണിഞ്ഞ് നനവാർന്നിരുന്നു.

4. പിരിച്ചെഴുതി സന്ധി നിർണ്ണയിക്കുക. 2 x 1 = 2

1)ഭാവനയുടെ 2)വെള്ളത്തിൽ

5. വിഗ്രഹിച്ചു സമാസം നിർണ്ണയിക്കുക. 2 x 1 = 2

1) നിസ്സഹായത 2) കാർവർണ്ണൻ

6. പര്യായപദങ്ങൾ എഴുതുക. 2 x 1 = 2

1) സഖി (ആഴി, ആളി, തോഴി, തൊഴി)

2) മഹി (ആകാശം, ധരണി, മാനം, വസുധ )

7. നാനാർത്ഥ പദങ്ങളെഴുതുക. 2 x 1 = 2

1)കരം (പാണി, പദം, രശ്മി, കാൽ)

2)അംബരം (തോയം, ആകാശം, ഭൂമി, വസ്ത്രം)

8. അർത്ഥവ്യത്യാസം എഴുതുക. 1

1)കരാളം - മരാളം (ഭാരം, ഭയങ്കരം, അരയന്നം, മയിൽ)

9. വിപരീതപദം എഴുതുക. 1

1)ഉത്ഭവം (തുടക്കം, പതനം, കാഴ്ച)

10. എതിർലിംഗം എഴുതുക. 1

1)കവി (കവിനി, കവയത്രി, കവയിത്രി)

## (SECTION – D)

1. ശരിയായ ഉത്തരം ബ്രാക്കറ്റിൽ നിന്നും എടുത്തെഴുതുക. 10x1/2 = 5

1) മറ്റൊരു വണ്ടിക്കാള എന്ന് വിശേഷിപ്പിക്കുന്നത് ആരെ?
(കൃഷിക്കാരനെ, വണ്ടിക്കാരനെ, മൂങ്ങകളെ)

2) അമ്പാടിയിലേക്ക് എന്ന കവിത ഏതു കൃതിയിൽ നിന്നെടുത്തതാണ്?
(കൽപ്പശാഖി, കൃഷ്ണഗാഥ, കാവിലെ പാട്ട് )

3) നാലിതൾപ്പൂവ് എന്ന കവിത എഴുതിയത് ആരാണ് ?
(ഇടശ്ശേരി, ചെറുശ്ശേരി, എൻ.എൻ.കക്കാട്)

4) ഓർക്കാൻ കഴിവീലവതൻ മുഖങ്ങൾ -എന്തിന്റെ ?
(വേദനകൾ, ഓർമ്മകൾ, സുഹൃത്തുക്കൾ )

5) അന്തിക്ക് വിളക്കു കത്തിക്കാൻ തിടുക്കം കൂട്ടി നിൽക്കുന്നത് ആരാണ് ?
(ചന്ദ്രൻ, നക്ഷത്രങ്ങൾ, മിന്നാമിനുങ്ങ് )

6)കടത്തുകാരന്റെമഹത്തായ ഗുണങ്ങളിലൊന്ന് എന്തായിരുന്നു?
(കേട്ടിരിക്കാനുള്ള കഴിവ്, സംസാരിക്കാനുള്ള കഴിവ്, കോപിക്കാനുള്ള കഴിവ്)

7)കത്തെഴുതാൻ സമയം കിട്ടാറില്ല,ഇങ്ങനെ സ്വയം ന്യായകരിച്ചതാര്?
(അമ്മ, കമല, ഗോപി)

8)വൈലോപ്പിള്ളി കവിത കാണുന്ന കിനാവല്ലപിന്നെ എന്താണ്?
(ശ്ലോകങ്ങളുടെ കവിത, വിസ്തരിക്കുന്ന സ്വപ്നം, ജീവിതം)

9)ദാർശനികനായ ടാക്സി ഡ്രൈവർ എന്ന് യതി വിശേഷിപ്പിച്ചത് ആരെ?
(ദാമോദർ, കർത്താർസിംങ്, രാംഗോപാൽ)

10)കൊടിയേറ്റം എന്ന പാഠഭാഗം ഏതു സാഹിത്യവിഭാഗത്തിൽ പെടുന്നു?
(തിരക്കഥ, നോവൽ, കഥ)

2. ഉത്തരം എഴുതുക. 6 x 4 = 24

1.എന്താണ് സിനിമ?

2. ടാക്സി റോഡിൽ ചേർത്ത് നിർത്തിയിട്ട് യതി എന്തു കൊണ്ടാണ് ഡ്രൈവറുടെ അടുത്ത് കയറിയിരുന്നത്?

3. കടത്തുകാരനോടൊപ്പം വസിച്ച് സിദ്ധാർത്ഥൻ എന്തെല്ലാമാണ് പഠിച്ചത്?

*4. വൈലോപ്പിള്ളിയുടെ മാമ്പഴം എന്ന കവിതയുടെ പ്രത്യേകത എന്ത് ?*

*5. കാഴ്ചയുടേയും കേൾവിയുടേയും എന്തെല്ലാം അനുഭവങ്ങളാണ് അമ്പാടിയിലെത്തിയ അക്രൂരനുണ്ടാകുന്നത്?*

*6. ആതിര വരുന്നേരമൊരുമിച്ച് കൈകൾ കോർത്തെതിരേൽക്കണം നമുക്കിക്കുറി -കവി ഇങ്ങനെ പറയുന്നതെന്തു കൊണ്ട്?*

3. ഏതെങ്കിലും രണ്ടു ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക. 2 x 4 = 8

1. തേജസ്വിയായ വാഗ്മിയായി വിവേകാനന്ദൻ മാറിയതെങ്ങനെ?

2. "ഒരു ചെറിയ ഉദാഹരണം കൊണ്ട് അങ്ങ് എന്നെ സത്യത്തിലേക്കു നയിച്ചു. ആൾവാറിലെ രാജാവ് പറഞ്ഞ ആ സംഭവമെന്തായിരുന്നു?

3. മാതൃരാജ്യത്തിന്റെ നരകയാതന ഇല്ലാതാക്കാൻ സ്വാമി നടത്തിയ പ്രസംഗപര്യടനത്തെ കുറിച്ച് വിവരിക്കുക?